വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കേരളസർക്കാർ തമിഴ്നാട് കർണ്ണാടക എന്നീ സർക്കാരുകളുമായി ഉണ്ടാക്കിയിട്ടുള്ള അന്തർസംസ്ഥാന കരാറുകൾ പ്രകാരമാണ് കെ.എസ്. ആർ.ടി.സി. അന്തർസംസ്ഥാന സർവീസുകൾ ഓടിച്ചുവരുന്നത്. കായംകുളത്തുനിന്ന് മധുര, പളനി, കോയമ്പത്തൂർ, ബാംഗ്ലൂർ, എന്നീ സ്ഥലങ്ങളിലേക്ക് അന്തർസംസ്ഥാന സർവീസുകൾ ആരംഭിക്കാൻ പ്രസ്തുത കരാറിൽ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ കായംകുളത്തു നിന്ന് പ്രസ്തുത സർവീസുകൾ ഓടിക്കാൻ സാധിക്കുന്നില്ല എന്നാണ്. തിരുവനന്തപുരത്തു നിന്നും കൊല്ലത്തുനിന്നും ബാംഗ്ലൂരിലേക്കും കോയമ്പത്തൂരിലേക്കും പളനിയിലേക്കും കായംകുളം വഴി കെ.എസ്.ആർ.ടി.സി. സർവീസുകൾ നടത്തിവരുന്നുണ്ട്. സർവീസുകൾ കൃത്യമായി നടത്തുവാനായി പ്രധാനപ്പെട്ട ഡിപ്പോ കേന്ദ്രീകരിച്ചാണ് പ്രസ്തുത സർവീസ് നടത്തുന്നത്. അന്തർസംസ്ഥാന കരാറുകൾ പ്രകാരം ഇപ്പോൾ ആലപ്പുഴനിന്നും തെങ്കാശി, കോയമ്പത്തൂർ, ബാംഗ്ലൂർ, എന്നീ സർവീസുകളും പാങ്ങോട്ടശ്ശേരി-തിരുനെൽവേലി സർവീസും അടൂർ-തെങ്കുളം സർവീസും കൊട്ടാരക്കരനിന്നും കോയമ്പത്തൂർ പളനി, ഒല്ലൂർ, കന്യാകുമാരി തെങ്കാശി, നാർകോവിൽ, അംബാസമുദ്രം എന്നീ സർവീസുകളും നടത്തിരുന്നു. എം.എൽ.എ. യുടെ ആവശ്യപ്രകാരം കായംകുളം ഡിപ്പോയിൽനിന്നും എൻ.ടി.പി.സി.യിലേയ്ക്ക് സർവീസ് 6.11.98-ൽ തന്നെ ആരംഭിച്ചു. ചവറ ഹരിപ്പാട് കായംകുളം കരുനാഗപ്പള്ളി അമ്പലപ്പുഴ എന്നീ തീരപ്രദേശങ്ങളിൽ സ്വകാര്യ ബസ്സുകൾ കൂടുതൽ സർവ്വീസ് നടത്തുന്നതിനാൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ ലാഭകരമായി ഓപ്പറേറ്റ് ചെയ്യാൻ കഴിയില്ല എന്നാണ് റിപ്പോർട്ട്. ദേശസാൽകൃത മേഖലയിലെ സർവീസുകൾക്കും വരുമാനം കൂടുതൽ ലഭിക്കുന്ന സർവീസുകൾക്കുമാണ് കെ.എസ്. ആർ.ടി.സി മുൻഗണന നൽകുന്നത്. എങ്കിൽത്തന്നെയും കൊല്ലം, കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് ആലപ്പുഴ എന്നീ ഡിപ്പോകളിൽ നിന്നായി നാൽപ്പതിൽപരം പുതിയ സർവീസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ചിട്ടുണ്ട്. ബസ്സിന്റേയും ജീവനക്കാരുടേയും അപര്യാപ്തത കൊണ്ട് വളരെ പരിമിതമായി മാത്രമേ പുതിയ സർവീസുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഏതായാലും കായംകുളത്തുനിന്നും സർവീസ് ആരംഭിക്കാനും ഇന്റർസ്റ്റേറ്റ് സർവീസ് ആരംഭിക്കണമെന്ന ബഹു. എം.എൽ.എ.യുടെ അഭ്യർത്ഥന പരിഗണിച്ച് ആലപ്പുഴ നിന്നും ആരംഭിക്കുന്ന ഒരു സർവീസ് കായംകുളത്തുനിന്ന് ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതു സംബന്ധിച്ച് അനുവാദം ആവശ്യമാണ്. അതുപോലെതന്നെ കായംകുളം ഡിപ്പോയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബഹു. എം.എൽ.എ.യും മറ്റുള്ളവരുമായി ചർച്ച ചെയ്ത് കഴിയുന്നത്ര, നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആ പ്രശ്നങ്ങളും ആ പ്രദേശത്തെ യാത്രാക്ലേശവും പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(7) ഇൻഡ്യൻ ഡൈവോഴ്സ് ആക്ടിലെ സെക്ഷൻ 17 നീക്കം ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. മാമ്മൻ മത്തായി : സർ, ഇൻഡ്യൻ ഡൈവോഴ്സ് ആക്ടിലെ 17-ാം വകുപ്പ് നീക്കം ചെയ്യണമെന്ന സുപ്രധാനമായ വിഷയത്തിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കുന്നത്. ക്രിസ്ത്യൻ വിവാഹമോചന കേസുകളിൽ ജില്ലാ കോടതികളിൽനിന്നും അനുകൂലമായ വിധിയുണ്ടായാൽപോലും അത്തരം വിധികൾ പ്രാബല്യത്തിൽ വരു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് ഹൈക്കോടതിയുടെ കൺഫർമേഷൻ ആവശ്യമാണെന്നാണ് സെക്ഷൻ 17 സൂചിപ്പിക്കുന്നത്. ഈ വകുപ്പ് വളരെയധികം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒരു പ്രത്യേക സമൂഹത്തിന് മാത്രമായി, അതായത് ക്രിസ്ത്യൻ സമൂഹത്തിന് മാത്രമായി വരുത്തിത്തീർക്കുന്നതാകയാൽ ആവശ്യമായ നിയമ ഭേദഗതികൾ വരുത്തി നിയമത്തിൽനിന്ന് ഈ വകുപ്പ് ഒഴിവാക്കുന്നതിനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 1954-ലെ ക്രിസ്ത്യൻ മാര്യേജ് ആക്ടും 1958-ലെ ഹിന്ദു മാര്യേജ് ആക്ടും പ്രകാരം വിവാഹം കഴിച്ച് വിവാഹമോചിതരാകുന്നവർക്കൊന്നും ഈ നിയമം ബാധകമല്ല. ഈ വർഷംതന്നെ കേരള ഹൈക്കോടതിയിൽ വന്ന Mathew and Another Vs. Union of India എന്ന കേസിൽ കേരള ഹൈക്കോടതിയിലെ ജഡ്ജിമാർ സുപ്രധാനമായ ഒരു വിധി പ്രഖ്യാപിക്കുകയുണ്ടായി. ആ വിധിയിൽ പറയുന്ന ഒരൊറ്റ വാചകം മാത്രം, ഗവൺമെന്റിനുള്ള ഒരു ഡയറക്ഷൻ മാത്രം, വായിക്കാം. ആ വിധിയിൽ വളരെ വ്യക്തമായി ജഡ്ജിമാർ സൂചിപ്പിക്കുന്നു. ഇത് ഈ കമ്മ്യൂണിറ്റിക്ക് മാത്രം വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്നുവെന്ന്. ആകയാൽ ആ ഒറ്റവരി ഞാൻ വായിക്കാം. "In the light of this, we direct the Government of Kerala to bring in an amendment on the lines of Uttar Pradesh amendment as we feel that such an amendment is necessary and expedient." അതുകൊണ്ട് ബഹു. മന്ത്രി ഈ കാലഘട്ടത്തിൽ സഭയുടെ ഈ പീരിയേഡിൽ തന്നെ നിയമ ഭേദഗതിയിലൂടെ ഈ വകുപ്പ് ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അത് വളരെ കഷ്ടമാണ്. ഡൈവോഴ്സ് കേസ് ഡിസ്ട്രിക്ട് കോടതിയിലായിക്കഴിഞ്ഞാൽ ഹൈക്കോടതി ഫുൾ ബഞ്ചിന്റെ അംഗീകാരം കിട്ടാൻ - 25-ാമത്തെ വയസ്സിൽ ഡൈവോഴ്സായ സ്ത്രീക്കും പുരുഷനും 10 വർഷം കഴിഞ്ഞാലും ഡൈവോഴ്സ് കിട്ടുന്നില്ല. അത് കിട്ടിക്കഴിഞ്ഞിട്ടേ കല്യാണം കഴിക്കാൻ കഴിയൂ. അതുകൊണ്ട് ഇത് വലിയൊരു പ്രശ്നമാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഹൈക്കോടതിയുടെ ഒരു ഡയറക്ഷൻ ഉണ്ട്. അത് വാങ്ങിച്ചിട്ട് അതനുസരിച്ച് ബിൽ ഡ്രാഫ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിയുന്നതും വേഗം നിയമസഭയിൽ കൊണ്ടുവരുന്നതാണ്.

(8) കുളമ്പ്രോഗബാധമൂലം കന്നുകാലികൾ ചത്തൊടുങ്ങുന്നതിനാൽ ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി കുളമ്പ്രോഗം പടർന്നു പിടിച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലും കൊല്ലം ജില്ലയിലും തിരുവനന്തപുരം ജില്ലയിലും പതിനായിരക്കണക്കിന് കറവപ്പശുക്കൾ ഈ രോഗം മൂലം ചത്തൊടുങ്ങുകയാണ്. പ്രതിരോധ ചികിത്സകളെല്ലാം നിഷ്ഫലമാണ്. രോഗം കൂടുതൽ പ്രദേശങ്ങളിൽ വ്യാപിക്കുമെന്നുള്ളതുകൊണ്ട് ക്ഷീരകർഷകർ ഭീഷണിയെ നേരിടുകയാണ്. ചിറയിൻകീഴ് താലൂക്കിലാകെ നാശം വിതച്ച് കൂടുതൽ മേഖലകളിലേക്ക് ഇത് വ്യാപിക്കുന്നു. പ്രതിരോധചികിത്സ കിട്ടിയ കന്നുകാലികൾ പോലും ചത്തൊടുങ്ങുന്നു. രോഗം കരളിനേയും ശ്വാസകോശത്തേയും ബാധിക്കുകയാണെന്നാണ് വിദഗ്ദ്ധരായ ആളുകളുടെ അഭിപ്രായം. ചികിത്സ ഫലപ്രദമാകുന്നില്ല. രോഗവിമുക്തമാകുന്ന കന്നുകാലികളിൽ നിന്ന് പാലും ലഭി

LIBRARY ARCHIVES Kerala Legislative Assembly